**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1987** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവകലാശാല മലയാളം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലേക്ക് ഒന്നാം റാങ്ക് നേടിയ വ്യക്തിക്ക് പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടാൻ യോഗ്യതയില്ല എന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും വ്യവസ്ഥ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന്, ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ; | (ബി) | കണ്ണൂർ സർവ്വകലാശാലയിലെ നിയമന നടപടികൾ യു.ജി.സി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും സർവകലാശാലാ നിയമത്തിനും അനുസൃതമായാണ് നടക്കുന്നതെന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. |
| (സി) | 25 വർഷത്തെ അദ്ധ്യാപന പരിചയവും നൂറിലധികം ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ച അദ്ധ്യാപകന് റിസർച്ച് സ്കോർ 656 ലഭിച്ചിട്ടും 156 സ്കോർ ലഭിച്ചയാൾക്ക് ഒന്നാം റാങ്ക് നൽകിയെന്ന ആരോപണത്തിൽ വാസ്തവമുണ്ടോ; വിശദമാക്കുമോ; | (സി) | കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും വ്യവസ്ഥ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു. തുടർന്ന്, ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ഡി) | കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അടക്കം അനധികൃത അദ്ധ്യാപക നിയമനം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർവകലാശാലകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | അനധികൃത നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ